# Repatriations under the Vande Bharat Mission cross 5 lakhs

July 03, 2020

## വന്ദേ ഭാരത മിഷൻ മുഖേനെയുള്ള പുനരധിവാസം 5 ലക്ഷം പിന്നിട്ടു

03 ജൂലൈ, 2020

1. വന്ദേ ഭാരത മിഷന് (VBM) കീഴിൽ 5 ലക്ഷം ഇന്ത്യക്കാർ ഇന്ത്യയിലേക്ക് സുരക്ഷിതരായി തിരിച്ചെത്തിയിരിക്കുന്നു. VBM പ്രവർത്തനമാരംഭിച്ചത് 07 മെയ് 2020 ൽ ആണ്, രണ്ടു മാസങ്ങൾക്കുള്ളിൽ തന്നെ ഉൾനാടുകളിൽ നിന്നുൾപ്പെടെ, 137 രാജ്യങ്ങളിൽ അകപ്പെട്ട 5,03,990 ഇന്ത്യക്കാർ സ്വന്തം വീടുകളിലേയ്ക്ക് തിരിച്ചെത്തുകയുണ്ടായി. നിർബന്ധിത കാരണങ്ങൾ അനുഭവിക്കുന്ന 2 ലക്ഷം ഇന്ത്യക്കാരെ തിരികയെത്തിക്കുന്നതിനാണ് ആദ്യം ലക്ഷ്യമിട്ടിരുന്നത് എന്നതിനാൽ തന്നെ ഇത് ശ്രദ്ധാർഹമായ നേട്ടമാണ്.

2. വിദേശങ്ങളിൽ അകപ്പെട്ട ഇന്ത്യക്കാരിൽ കൂടുതൽ പേർ കേരളത്തിലേയ്ക്കാണ് (94, 085)എത്തിയത് , ഉത്തർ പ്രദേശ് , ബിഹാർ, തമിഴ് നാട്, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര, കർണാടക, ഗുജറാത്ത് കൂടാതെ ആന്ധ്രപ്രദേശ് എന്നിവയാണ് ക്രമത്തിലുള്ള മറ്റു സംസ്ഥാനങ്ങൾ. VBM വിമാനങ്ങളിൽ ഏറ്റവും കൂടുതൽ ഇന്ത്യക്കാർ തിരികയെത്തിയത് UAE യിൽ(57,305) നിന്നുമാണ്, അതിനു ശേഷം കുവൈറ്റ്, ഖത്തർ, ഒമാൻ, സൗദി അറേബ്യ കൂടാതെ USA എന്നിവടങ്ങളിൽ നിന്നും. കൂടാതെ നേപ്പാളിൽ (91 ,193)നിന്ന് അതിർത്തിയിലെ ചെക്ക് പോസ്റ്റുകൾ വഴിയും ആളുകൾ എത്തിച്ചേർന്നു.

3.VBM ൽ 860 എയർഇന്ത്യ വിമാനങ്ങൾ;1256 ചാർട്ടർ വിമാനങ്ങൾ കൂടാതെ 8 നാവികകപ്പലുകൾ എന്നിവയാണ് ഉള്ളത്. എയർ ഇന്ത്യൻ വിമാനങ്ങളിലൂടെ 1,64,121 പേരാണ് വന്നത് ; ഇന്ത്യൻ നാവികസേനയുടെ 8 കപ്പലുകളിലായി മാൽദ്വീപ് , ഇറാൻ, കൊളംബോ എന്നിവിടങ്ങളിൽ നിന്നും 3,987 പേരും; ചാർട്ടേഡ് വിമാനങ്ങളിൽ - 2,30,832 ഉം കൂടാതെ ഫോറിൻ കാരിയേഴ്സിൽ - 3,969 എണ്ണം ആളുകളും എത്തി; ഏകദേശം 60 എയർ ആംബുലൻസുകളും 95,220 പേർ അയൽ രാജ്യങ്ങളിൽ നിന്നും കരമാർഗം അതിർത്തി ചെക്ക് പോസ്റ്റുകൾ കടന്നുമാണ് എത്തിയത്

4. ഈ വലിയ പ്രവർത്തനം നടന്നത് ഇന്ത്യൻ മിഷൻ അബ്രോഡ്, MoCA, MHA, MoHFW കൂടാതെ സംസ്ഥാന സർക്കാരുകൾ എന്നിവയുടെ സഹകരണത്തോടെയാണ്.എല്ലാ

നിലകളിലെയും സുഗമമായ ഏകോപനങ്ങൾ ഉറപ്പാക്കുന്നതിന് ചുമതലയുള്ള ഉയർന്ന MEA ഉദ്യോഗസ്ഥർ സംസ്ഥാന കോഡിനേറ്റർമാർ എന്ന നിലയിൽ പ്രവർത്തിച്ചിരുന്നു.

**ന്യൂ ഡൽഹി**
**03 ജൂലൈ, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.